**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1835** **05-07-2022 - ൽ മറുപടിയ്ക്ക്**

**മൊബിലിറ്റി ഹബ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് മൊബിലിറ്റി ഹബ് അനുവദിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | **പുതുക്കാട് ബസ് സ്റ്റേഷനിലുള്ള 4 ഏക്കർ സ്ഥലത്തിൽ KSRTC ബസ് ഓപ്പറേഷന്റെ സെൻട്രൽ ഹബ് ആക്കി മാറ്റുന്നതിന്, 2 ഏക്കർ സ്ഥലം അത്യാധുനിക സൗകര്യങ്ങൾക്കുള്ള ഒരു ബസ് ഡിപ്പോയുടെ നിർമ്മാണത്തിനും, 1 ഏക്കർ സ്ഥലം വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനും, 1 ഏക്കർ സ്ഥലത്ത് ഗ്യാരേജ് നിർമ്മിക്കുന്നതിനുമായി ഒരു വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് KSRTC, Project Management Consultant ആയ M/s. Hindustan Prefab Ltdനെ 17/12/2020-ൽ ചുമതലപെടുത്തിയിരുന്നു. എന്നാൽ M/s. HPLന്റെ ഭാഗത്ത് നിന്നും യാതൊരു നടപടിയും ഉണ്ടായില്ല.**<br><br>**24/09/2021-ന് ബഹു. ട്രാൻസ്പോർട്ട് മന്ത്രിയുടെ സാന്നിധ്യത്തിൽ KIIFB CEO യും മറ്റ് ഉദ്യോഗസ്ഥരുമായി KIIFB ഫണ്ടിന് വേണ്ടി ചർച്ച നടത്തുകയുണ്ടായി.**<br><br>പ്രാരംഭമായി ഈ ആശയം ഉൾക്കൊണ്ട് M/s. Buro Development Architect എന്ന സ്ഥാപനത്തെ കൊണ്ട് Rough Cost എസ്റ്റിമേറ്റ് തയ്യാറാക്കുകയും അതിൻ പ്രകാരം ടി പ്രൊജക്ടിന് 32 കോടി ചെലവ് പ്രതീക്ഷിയ്ക്കുന്നു.<br><br>ഈ drawing-ഉം എസ്റ്റിമേറ്റും മാറ്റങ്ങൾക്ക് വിധേയമായും കിഫ്ബിയുടെ അംഗീകാരത്തിനുമായി തയാറാക്കിയിട്ടുള്ളതാണ്. പുതുക്കാട് മൊബിലിറ്റി ഹബ് സ്ഥാപിക്കുന്നതിന് വേണ്ടി കിഫ്ബിയുമായി സഹകരിച്ച് International Financial Corporation എന്ന ഏജൻസിയുമായി ചേർന്ന് നവംബർ 2021-ന് ഒരു സാധ്യതാ പഠനം നടത്തുകയും, പഠന റിപ്പോർട്ടിൽ തൃശ്ശൂർ, കൊച്ചി എന്നീ പട്ടണങ്ങളെ ബന്ധിപ്പിക്കുന്ന NH544-നോട് ചേർന്നു നിൽക്കുന്ന |

| | | | |
|---|---|---|---|
| | | | പുതുക്കാട് മൊബിലിറ്റി ഹബ്ബിന്റെ വികസനം നിമിത്തം ടി സ്ഥലം ഒരു കോമേഴ്സ്യൽ ഫെസിലിറ്റിയായി മാറ്റുന്നതിന് സാധിക്കും എന്ന് വ്യക്തമാക്കുന്നു.<br><br>**പുതുക്കാട് ഡിപ്പോയിൽ retail outlet സ്ഥാപിക്കുന്നതിനുള്ള അനുമതി BPCL-ന് 13.01.2022ന് കെ.എസ്.ആർ.ടി.സി നൽകിയിട്ടുണ്ട്. BPCL ഈ പ്രവൃത്തിയെ അവരുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി പ്രാരംഭഘട്ട പ്രവൃത്തികൾ നടന്നു വരുകയാണ്. ഇതിനാവശ്യമായ വസ്തു സംബന്ധിയ്ക്കുന്ന എല്ലാ രേഖകളും BPCLന് കൈമാറിയിട്ടുണ്ട്. ഉടൻ തന്നെ അനുബന്ധ അംഗീകാരങ്ങൾ ലഭിയ്ക്കാനുള്ള അപേക്ഷകൾ നൽകുകയും പ്രവൃത്തി ആരംഭിയ്ക്കുകയും ചെയ്യുമെന്ന് BPCL അറിയിച്ചിട്ടുണ്ട്.** |
| (ബി) | ഉണ്ടെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്നും എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | (ബി) | **പുതുക്കാട് ബസ് സ്റ്റേഷനിലുള്ള 4 ഏക്കർ സ്ഥലത്തിൽ KSRTC ബസ് ഓപ്പറേഷന്റെ സെൻട്രൽ ഹബ് ആക്കി മാറ്റുന്നതിന്, 2 ഏക്കർ സ്ഥലം അത്യാധുനിക സൗകര്യങ്ങൾക്കുള്ള ഒരു ബസ് ഡിപ്പോയുടെ നിർമ്മാണത്തിനും, 1 ഏക്കർ സ്ഥലം വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനും, 1 ഏക്കർ സ്ഥലത്ത് ഗ്യാരേജ് നിർമ്മിക്കുന്നതിനുമായി ഒരു വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് KSRTC, Project Management Consultant ആയ M/s. Hindustan Prefab Ltdനെ 17/12/2020-ൽ ചുമതലപെടുത്തിയിരുന്നു. എന്നാൽ M/s. HPLന്റെ ഭാഗത്ത് നിന്നും യാതൊരു നടപടിയും ഉണ്ടായില്ല.**<br><br>**24/09/2021-ന് ബഹു. ട്രാൻസ്പോർട്ട് മന്ത്രിയുടെ സാന്നിധ്യത്തിൽ KIIFB CEO യും മറ്റ് ഉദ്യോഗസ്ഥരുമായി KIIFB ഫണ്ടിന് വേണ്ടി ചർച്ച നടത്തുകയുണ്ടായി.**<br><br>പ്രാരംഭമായി ഈ ആശയം ഉൾക്കൊണ്ട് M/s. Buro Development Architect എന്ന സ്ഥാപനത്തെ കൊണ്ട് Rough Cost എസ്റ്റിമേറ്റ് തയ്യാറാക്കുകയും അതിൻ പ്രകാരം ടി പ്രൊജക്റ്റിന് 32 കോടി ചെലവ് പ്രതീക്ഷിയ്ക്കുന്നു.<br><br>ഈ drawing-ഉം എസ്റ്റിമേറ്റും മാറ്റങ്ങൾക്ക് വിധേയമായും കിഫ്ബിയുടെ അംഗീകാരത്തിനുമായി തയാറാക്കിയിട്ടുള്ളതാണ്. പുതുക്കാട് മൊബിലിറ്റി ഹബ് സ്ഥാപിക്കുന്നതിന് വേണ്ടി കിഫ്ബിയുമായി സഹകരിച്ച് International Financial Corporation എന്ന ഏജൻസിയുമായി ചേർന്ന് നവംബർ 2021-ന് |

| | | | |
|---|---|---|---|
| | | | ഒരു സാധ്യതാ പഠനം നടത്തുകയും, പഠന റിപ്പോർട്ടിൽ തൃശ്ശൂർ, കൊച്ചി എന്നീ പട്ടണങ്ങളെ ബന്ധിപ്പിക്കുന്ന NH544-നോട് ചേർന്നു നിൽക്കുന്ന പുതുക്കാട് മൊബിലിറ്റി ഹബ്ബിന്റെ വികസനം നിമിത്തം ടി സ്ഥലം ഒരു കോമേഴ്സ്യൽ ഫെസിലിറ്റിയായി മാറ്റുന്നതിന് സാധിക്കും എന്ന് വ്യക്തമാക്കുന്നു.<br><br>**പുതുക്കാട് ഡിപ്പോയിൽ retail outlet സ്ഥാപിക്കുന്നതിനുള്ള അനുമതി BPCL-ന് 13.01.2022ന് കെ.എസ്.ആർ.ടി.സി നൽകിയിട്ടുണ്ട്. BPCL ഈ പ്രവൃത്തിയെ അവരുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി പ്രാരംഭഘട്ട പ്രവൃത്തികൾ നടന്നു വരുകയാണ്. ഇതിനാവശ്യമായ വസ്തു സംബന്ധിയ്ക്കുന്ന എല്ലാ രേഖകളും BPCLന് കൈമാറിയിട്ടുണ്ട്. ഉടൻ തന്നെ അനുബന്ധ അംഗീകാരങ്ങൾ ലഭിയ്ക്കാനുള്ള അപേക്ഷകൾ നൽകുകയും പ്രവൃത്തി ആരംഭിയ്ക്കുകയും ചെയ്യുമെന്ന് BPCL അറിയിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ